"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- കോട്ടയം പാലാ കുറുമണ്ണ സെന്റ് ജോൺസ് ഹൈസ്കൂളിലെ എൽ.ജി ഫുൾടൈം ഹിന്ദി അദ്ധ്യാപികയായ ശ്രീമതി സ്റ്റെല്ല തോമസ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി നം. 26599/2021 നമ്പേലുള്ള 25/11/2021 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.2282/2022/GEDN തീയതി,തിരുവനന്തപുരം, 06-04-2022

പരാമർശം:-

1. ശ്രീമതി സ്റ്റെല്ല തോമസ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി നം. 26599/2021 നമ്പേലുള്ള 25/11/2021 ലെ വിധിന്യായം
2. 06/01/2022 ലെ പാലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ സി/3132/2021 നമ്പർ റിപ്പോർട്ട്
3. 19/01/2022 ലെ പാലാ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ബി2/7985/2021(1) നമ്പർ റിപ്പോർട്ട്.
4. 08/02/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.റ്റി2/14816/2021/ഡി.ജി.ഇ നമ്പർ റിപ്പോർട്ട്

ഉത്തരവ്

കോട്ടയം പാലാ കുറുമണ്ണ സെന്റ് ജോൺസ് ഹൈസ്കൂളിലെ എൽ.ജി ഫുൾടൈം ഹിന്ദി അദ്ധ്യാപികയായ ശ്രീമതി സ്റ്റെല്ല തോമസ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി നം. 26599/2021 നമ്പേലുള്ള 25/11/2021 ലെ വിധിന്യായത്തിൽ ബഹു. കോടതി Ext.P13 ഉത്തരവ് റദ്ദാക്കുകയും ഹർജിക്കാരി, 9-ാം എതിർകക്ഷി മാനേജർ എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext.P11 റിവിഷൻ ഹർജി പുനഃപരിഗണിച്ച് 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു അതിൻപ്രകാരം ഹർജിക്കാരിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 14/02/22 തീയതിയിൽ വീഡിയോ കോൺഫറൻസ് മുഖേന നേരിൽ

കേട്ടു.

2. 20/06/2006 മുതൽ 31/03/2007 വരേയും 2/6/2008 മുതൽ 31/3/2009 വരേയും പാലാ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലെ അധിക എൽ.ജി ഹിന്ദി തസ്തികയിലെ തന്റെ നിയമനം, മാനേജർ 10/10 പ്രകാരം ബോണ്ട് സമർപ്പിക്കാത്തതിനാൽ ഇതുവരെ അംഗീകരിച്ചിട്ടില്ലന്നും, സമാന കേസുകളിൽ മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി അംഗീകാരം നൽകിയിട്ടുള്ളതിനാൽ തന്റെ മേൽ കാലയളവിലെ നിയമനവും റഗുലർ സ്കെയിലിൽ അംഗീകരിക്കണമെന്നതാണ് Ext. P11 റിവിഷൻ ഹർജിയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

4. മാൻവെട്ടം സെന്റ് ജോർജ്ജ് യു.പി.എസ്- ൽ എൽ.ജി ഹിന്ദി തസ്തികയിലുണ്ടായ സ്ഥാനക്കയറ്റ ഒഴിവിലേക്ക് 20/10/2003 മുതൽ 19/12/2003 വരെ ഹർജിക്കാരിയെ മാനേജർ നിയമിക്കുകയും പ്രസ്തുത നിയമനത്തിന് ശമ്പള സ്കെയിലിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് 20/06/2006 മുതൽ 31/03/2017 വരെ ദിവസവേതനാടിസ്ഥാനത്തിലും 2/6/2008 മുതൽ 31/3/2009 വരെ ശമ്പള സ്കെയിലിലും കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള പാലാ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ അധിക എൽ.ജി തസ്തികയിൽ ഹർജിക്കാരിയെ മാനേജർ നിയമിച്ചിട്ടുണ്ട്. എന്നാൽ 2006-2007 മുതൽ 2009-10 വരെ കാലയളവിൽ നിലനിന്നിരുന്ന നിയമന നിരോധനത്തിന്റെ (G.O.(P) 317/05/GEDN dated 17/08/2005) അടിസ്ഥാനത്തിൽ ടി കാലയളവിലെ നിയമനം അംഗീകരിച്ചു നൽകിയില്ല. അധിക തസ്തികകളിലെ നിയമനങ്ങൾക്കുണ്ടായിരുന്ന നിയന്ത്രണം പിന്നീട് 10/1/2010 ലെ G.O.(P) 10/10/GEDN ഉത്തരവ് പ്രകാരം പിൻവലിക്കുകയും, അധിക തസ്തികകൾക്ക് തത്തുല്യ എണ്ണം തസ്തികകൾക്ക് ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ സംരക്ഷിതാദ്ധ്യാപകരുടെ നിയമനത്തിനായി മാറ്റി വയ്ക്കാം എന്ന വ്യവസ്ഥയിൽ മാനേജർ ബോണ്ട് സമർപ്പിക്കുന്ന സാഹചര്യത്തിൽ നിയമനാംഗീകാരം നൽകാമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹർജിക്കാരിയും നിയമന ശുപാർശ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃസമർപ്പിച്ചിട്ടില്ലാത്തതിനാൽ നിയമനാംഗീകാരം പുനഃപരിശോധിച്ചിട്ടില്ല എന്നാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവിലെ നിയമനം അംഗീകരിച്ചു കിട്ടുന്നതിനാണ് ഹർജിക്കാരി റിട്ട് ഹർജി ഫയൽ

ചെയ്തിട്ടുള്ളത്.

5. 21/01/2019 ലെ G.O.(Rt)No. 253/2019/GEDN ഉത്തരവ് (Ext.P13) ഉത്തരവ് പ്രകാരം, മാനേജർ ബോണ്ട് സമർപ്പിക്കാത്തതിനാൽ മേൽപ്പറഞ്ഞ കാലയളവിലെ നിയമനാംഗീകാരം സംബന്ധിച്ച് ഹർജിക്കാരി സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചിട്ടുള്ളതാണ്. എന്നാൽ ടി ഉത്തരവ് ബഹു.കോടതി റദ്ദാക്കുകയും, ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ state of kerala vs Sumadevi (Supra) കേസിന്റെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ ഈ വിഷയം പുനഃപരിശോധിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിൽ, മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ലാത്ത കേസ്സുകളിൽ മാനേജർ ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുക്കുന്നതിനും അപ്രകാരം പരിഗണനയിലെടുക്കുമ്പോൾ നിയമന നിരോധന കാലയളവിൽ അധിക തസ്തികയിൽ നടത്തിയ നിയമനത്തിന് തുല്യമായ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ബാദ്ധ്യത മാനേജർക്കുണ്ടാകുന്നതാണ്. Ext.P11 ഹർജി പുനഃപരിശോധിക്കുമ്പോൾ G.O(P) 10/10 ഉത്തരവ് ഇക്കാര്യത്തിൽ പ്രസക്തമാണെങ്കിൽ മാനേജർ ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്തും, 10/10 ഉത്തരവിനെതിരെ ബഹു.സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമവിധിക്ക് വിധേയമായും ഹർജിക്കാരിയുടെ അധിക എൽ.ജി തസ്തികയിലെ നിയമനത്തിന് അംഗീകാരം നൽകുന്നതിനാണ് കോടതി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമാന കേസുകളിൽ വിധിന്യാത്തിൽ 'deeming provision' നിർദ്ദേശിച്ചിട്ടുള്ള കേസുകളിൽ, സുപ്രീംകോടതിയുടെ അന്തിമവിധിക്ക് വിധേയമായി നിയമനാംഗീകാരം നൽകിയിട്ടുണ്ട്. ഈ കേസിലും ബഹു. കോടതി 'deeming provision' നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ 20/6/2006 - 31/3/2007 , 2/6/2008 - 31/3/2009 എന്നീ കാലയളവുകളിലെ ഹർജിക്കാരിയുടെ അധിക എൽ.ജി ഹിന്ദി തസ്തികയിലെ നിയമനത്തിന് മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി (deeming provision) അംഗീകാരം നല്കാവുന്നതാണ്.

6. മേൽ സാഹചര്യത്തിൽ 20/6/2006 - 31/3/2007, 2/6/2008 - 31/3/2009 എന്നീ കാലയളവുകളിലെ ഹർജിക്കാരിയുടെ അധിക എൽ.ജി ഹിന്ദി തസ്തികയിലെ നിയമനത്തിന് മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി (deeming provision) G.O(P)10/10 ഉത്തരവിനെതിരെ ബഹു.സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമവിധിക്ക് വിധേയമായും അംഗീകാരം നല്കാവുന്നതാണെന്ന നിർദ്ദേശം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ഇപ്രകാരം റിട്ട് ഹർജി നം. 26599/2021 മേലുള്ള പരാമർശം 1 ലെ വിധിന്യായം പാലിച്ചിരിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജ്യോതിലക്ഷ്മി എൽ

അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലസ് റോഡ്, കോട്ടയം- 686001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുറുവിലങ്ങാട്, കുറുവിലങ്ങാട് പി.ഒ, കോട്ടയം-686633

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഈരാറ്റുപേട്ട പി.ഒ, കോട്ടയം- 686121

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാല, പാല പി.ഒ, കോട്ടയം- 686575

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൂത്താട്ടുകുളം, കൂത്താട്ടുകുളം.പി.ഒ, എറണാകുളം- 686662

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാല, പാല പി.ഒ, കോട്ടയം- 686575

ശ്രീമതി. സ്റ്റെല്ല തോമസ്, എൽ.ജി. ഫുൾടൈം ടീച്ചർ(ഹിന്ദി), സെന്റ് ജോൺസ് എച്ച്.എസ്.,കുറുമണ്ണ, പാലാ , കോട്ടയം 683651

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, ഡയോസെസ് ഓഫ് പാല, പാല പി.ഒ, കോട്ടയം-686575

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ.ഉ.(സാധാ) നം.2282/2022/GEDN

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 06-04-2022 15:42:10

സെക്ഷൻ ഓഫീസർ